# എം.പി. മന്മഥൻ എന്ന മനുഷ്യൻ

ജി.കുമാരപിള്ള



**1994 ആഗസ്റ്റ് 15 ന് നിര്യാതനായ പ്രൊഫ. എം.പി. മന്മഥനെ അനുസ്മരിച്ച് ശ്രീ.ജി. കുമാരപിള്ള എഴുതിയതും 11-9-1994 ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചതുമായ ലേഖനമാണ് ചുവടെ ചേർക്കുന്നത്.**

പ്രൊഫ.: എം.പി. മന്മഥൻ ഇക്കഴിഞ്ഞ ആഗസ്റ്റ് 15ന് പുലർച്ചെ ഒരുമണിക്ക് കഥാവശേഷനായി. 1914 മെയ്മാസം 1ന് ജനിച്ച അദ്ദേഹത്തിന് അപ്പോൾ എൺപതു വയസ്സു കഴിഞ്ഞിരുന്നു. അതിനാൽ സാമാന്യഗതിയിൽ അതൊരു അകാലചരമം ആയിരുന്നില്ല. എങ്കിലും കഴിഞ്ഞ മാർച്ച് 28-ന് തൊണ്ണൂറ്റിയഞ്ചു വയസ്സു പൂർത്തിയാക്കിയ ലക്ഷ്മി എൻ. മേനോനും തൊണ്ണൂറിലെത്തിയ ജി. രാമചന്ദ്രൻ, ഐ.കെ. കുമാരൻ, കെ.പി. മാധവൻനായർ തുടങ്ങിയവരും ഉൾപ്പെട്ട ഞങ്ങളുടെ സർവോദയ കുടുംബത്തിൽ അദ്ദേഹം താരതമ്യേന ഒരു ഇളമുറക്കാരനായിരുന്നു. തന്നെയുമല്ല അപ്രതീക്ഷിതമായിട്ടാണ് മന്മഥന്റെ അന്ത്യം സംഭവിച്ചത്. ഒന്നേമുക്കാൽ വർഷമായി അദ്ദേഹത്തിന്റെ ആരോഗ്യം മോശമായിരുന്നു. 1992 നവംബർ 25ന് പുലർച്ചയ്ക്കാണ് ഹൃദയാഘാതം മൂലം അദ്ദേഹത്തെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചത്. അന്നുമുതൽ മൂവാറ്റുപുഴ മെഡിക്കൽ സെന്ററിലെ ഡോ. അശോകന്റെ ചികിത്സയിലായിരുന്നു അദ്ദേഹം. ആദ്യത്തെ ആഘാതത്തിൽനിന്ന് ഏതാനും ദിവസങ്ങൾക്കുള്ളിൽ മുക്തനായെങ്കിലും അന്നുമുതൽ അദ്ദേഹം വിശ്രമത്തിലായിരുന്നു. അദ്ദേഹം പങ്കെടുത്തേ കഴിയൂ എന്നുള്ള പരിപാടികൾ മൂവാറ്റുപുഴ വീട്ടിൽ വെച്ചോ അതിനടുത്ത സൗകര്യപ്രദമായ മറ്റേതെങ്കിലും സ്ഥലത്തു വെച്ചോ ആണ് നടത്തിയിരുന്നത്. വീണ്ടും ഒന്നുരണ്ടു പ്രാവശ്യം കുടി ഹൃദ്രോഗം ഉണ്ടായെങ്കിലും ആസ്പത്രിയിൽ ദീർഘനാൾ കിടക്കേണ്ടി വന്നിരുന്നില്ല. ഏറ്റവും ഒടുവിൽ അദ്ദേഹത്തെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചത് കഴിഞ്ഞ 11-ന് (വ്യാഴം) പുലർച്ചയ്ക്കാ യിരുന്നു. 13-ന് ഉച്ചവരെ രോഗം അപകടകരമായി തോന്നിയിരുന്നില്ല. പക്ഷേ, അതു പെട്ടെന്ന് വഷളാവുകയാണുണ്ടായത്. കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് ഒരുസംഘം ഡോക്ടർമാർ അടിയന്തിരമായി പരിശോധിച്ചു വിദഗ്ദ്ധ ചികിത്സ നടത്തിയെങ്കിലും അതു ഫലപ്പെട്ടില്ല. അങ്ങനെ അത്യാസന്ന നിലയിൽ അധികദിവസം കിടക്കാതെ അദ്ദേഹം പെട്ടെന്ന് അന്തരിച്ചു. 15-ന് പുലർച്ചെ മുതൽ മൃതദേഹം വീട്ടിൽ പൊതുദർശനത്തിനു വെച്ചിരുന്നു. കാസർകോഡു മുതൽ പാറശ്ശാല വരെയുള്ള പ്രദേശങ്ങളിൽനിന്ന് അന്തിമോപചാരം അർപ്പിക്കാൻ ബന്ധു മിത്രാദികളും ശിഷ്യരും ആരാധകരും സഹപ്രവർത്തകും എത്തി. 16-ന് ചൊവ്വാഴ്ച കാലത്ത് പതിനൊന്നര മണിക്ക് വമ്പിച്ച ഒരു ജനാവലിയുടെ സാന്നിധ്യത്തിൽ രാംധുൻ ഗാനാലാപനത്തിനിടയിൽ മൃതശരീരം അഗ്നിഭഗവാനു സമർപ്പിക്കപ്പെട്ടു. 22-ന് തിങ്കളാഴ്ച വൈകുന്നേരം നാലുമണിക്ക് ചിതാഭസ്മം തിരുനാവായിൽ വെച്ചു ഭാരതപ്പുഴയിൽ നിമജ്ജനം ചെയ്തതോടുകൂടി എം.പി. മന്മഥൻ എന്ന ഭൗതിക സത്ത ഇല്ലായ്മയിൽ ലയിച്ചു.

എം.പി. മന്മഥൻ ഇല്ലാതായി എന്ന സത്യവുമായി പൊരുത്തപ്പെടാൻ അദ്ദേഹത്തെ അറിഞ്ഞ ആയിരങ്ങൾക്ക് അത്രവേഗം സാധ്യമല്ല, എനിക്ക് ഏതായാലും സാധ്യമല്ല. 1942-ൽ അദ്ദേഹം നായർ സർവ്വീസ് സൊസൈറ്റിയുടെ ഹെഡ് ഓഫീസിൽ മാനേജരായി ചങ്ങനാശ്ശേരിയിൽ വരുന്ന കാലത്തു തുടങ്ങിയതാണ് ഞങ്ങളുടെ പരിചയം. അന്ന് ഞാൻ ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളേജിൽ വിദ്യാർത്ഥിയായിരുന്നു. ഗാന്ധിമാർഗവുമായുള്ള ബന്ധത്തിലൂടെയും മറ്റു സാസംസ്കാരിക പ്രവർത്തനങ്ങളിലുടെയും ഞങ്ങൾ ക്രമേണ അടുത്തു. കഴിഞ്ഞ പതിനഞ്ചു വർഷക്കാലമായി കേരള മദ്യനിരോധന സമിതിയിൽ ഞാൻ അദ്ദേഹത്തിന്റെ ഉറ്റ സഹപ്രവർത്തകരിൽ ഒരാളായിരുന്നു. എം.പി. മന്മഥനെ ഒരു ഡോൺകിക്സോട്ട് ആയും എന്നെ അദ്ദേഹത്തിന്റെ സാങ്കോപാൻസായും ചിത്രീകരിക്കുന്ന ഒരു ലേഖനം ഒരു ഇംഗ്ലീഷ് പത്രത്തിൽ ഒരിക്കൽ വന്നിരുന്നു. ആ ചിത്രീകരണം പ്രസ്തുത പത്രത്തിൽ ഈയിടെ വീണ്ടും പ്രത്യക്ഷപ്പെട്ടതായും കണ്ടു. നിഴലുകളോടു യുദ്ധം ചെയ്യുന്ന വീരത്വ നാട്യമുള്ള ഒരു ശുദ്ധഗതിക്കാരനായിരുന്നല്ലോ ഡോൺകിക്സോട്ട്. സാങ്കോപാൻസാ അദ്ദേഹത്തിന്റെ വാലിൽ തൂങ്ങുന്ന ഒരു കോൽക്കാരൻ ആണെന്നും ധ്വനിപ്പിക്കുന്ന ഈ സങ്കല്പത്തിൽ ഒരു കഴമ്പുമില്ല. മദ്യനിരോധന പ്രസ്ഥാനം ഒരു നിഴൽയുദ്ധമല്ല. മന്മഥൻ ഒരു ഡോൺകിക് സോട്ട് ആയിരുന്നില്ല. ഞാൻ അദ്ദേഹത്തിന്റെ സാങ്കോപാൻസായും ആയിരുന്നില്ല. എന്നാൽ എം.പി. മന്മഥൻ മദ്യനിരോധന പ്രസ്ഥാനത്തിന്റെ അനിഷേധ്യനേതാവായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത ഇളമുറക്കാരനായ സഹപ്രവർത്തകനും ആയിരുന്നു. അൻപതു വർഷക്കാലം അദ്ദേഹത്തെ അറിഞ്ഞ ഒരാൾക്ക്, പതിനഞ്ചു വർഷക്കാലം ഒരു പ്രസ്ഥാനത്തിൽ-അതും ഒരു സാംസ്കാരിക വിപ്ലവ പ്രസ്ഥാനത്തിൽ-അദ്ദേഹത്തോട് അടുത്തു നിന്ന് പ്രവർത്തിച്ച ഒരാൾക്ക്, അദ്ദേഹം പെട്ടെന്ന് ഇല്ലാതായി എന്ന് എങ്ങനെ വിശ്വസിക്കാൻ കഴിയും?

## ജീവിതം: രൂപരേഖ

മൂവാറ്റുപുഴ കിഴക്കൻ കടാതി ദേശത്തുള്ള മംഗലത്തുവീട്ടിൽ പത്മനാഭൻ നായരുടെ അനന്തിരവൻ മന്മഥൻ നായർ എന്ന എം.പി. മന്മഥൻ വളർന്നത് അച്ഛൻ ആലപ്പുഴക്കാരൻ കല്ലേലിൽ നാരായണപിള്ളയുടെ സംരക്ഷണയിലാണ്. പോലീസുകാരൻ കല്ലേലിൽ നാരായണപിള്ളയുടെ മോഹം മകനെ ഒരു പോലീസ് ഇൻസ്പെക്ടറായി കാണുക എന്നതായിരുന്നു. നല്ല തടിമിടുക്കുള്ള മകൻ ബിരുദധാരി കൂടി ആയിക്കഴിഞ്ഞപ്പോൾ തന്റെ മോഹം സാധിക്കുന്നതിനു വേണ്ടി പിതാവു വളരെയൊക്കെ പരിശ്രമിക്കുകയും ചെയ്തു. പക്ഷേ, ആ പരിശ്രമമൊന്നും വിജയിച്ചില്ല. പിതാവിന് ഇതൊരു ദുര്യോഗമായി തോന്നിയിരിക്കണം. പക്ഷേ, കഥാനായകനേയും നമ്മളെയും സംബന്ധിച്ച് ഇതൊരു വലിയ ഭാഗ്യമായി. മകൻ മറ്റൊരു തുറയിൽ കീർത്തിമാനായി വരുന്നതു കണ്ടതിനു ശേഷമാണ് ആദ്ദേഹം 1945-ൽ മരിക്കുന്നത്. എന്നാൽ തന്റെ മരണശേഷം തന്റെ പിന്മുറക്കാരായ പോലീസുകാർ ദേശസേവനം എന്ന കുറ്റത്തിനു മകനെ വേട്ടയാടുന്നതും പലകുറി പിടികൂടി ജയിലിൽ അടയ്ക്കുന്നതും കണ്ട് അദ്ദേഹത്തിന്റെ ആത്മാവ് വേദനിച്ചിരിക്കും. ഏതായാലും 1994 ആഗസ്റ്റ് മാസം 16-ന് കാലത്ത് 11.30 ന് തന്റെ മകന്റെ സംസ്ഥാന ബഹുമതികളോടുകൂടിയുള്ള അന്ത്യയാത്രയിൽ പോലീസുകാർ അകമ്പടി സേവിക്കുന്നതു കണ്ട് കല്ലേലിൽ നാരായണപിള്ളയുടെ ആത്മാവ് ആത്യന്തികമായി പാരിതാർത്ഥ്യം അടഞ്ഞിരിക്കണം.

ആലപ്പുഴക്കാരൻ നാരായണപിള്ളയുടെയും മൂവാറ്റുപുഴക്കാരി ശാരദാമ്മയുടെയും മകനായ മന്മഥൻ ജനിച്ചത് അച്ഛന്റെ അന്നത്തെ ജോലിസ്ഥലമായ കൊട്ടാരക്കരയിലാണ്. വിവിധ സ്ഥലങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ നാലുകൊല്ലം പഠിച്ചു. ബി.എ. ബിരുദം നേടി. (പിന്നീട് എം.എ. ബിരുദം നേടിയത് പ്രൈവറ്റായിട്ടാണ്.) അതിനുശേഷം മൂന്നുവർഷം വിഫലമായ ഉദ്യോഗവേട്ട നടത്തി; പല തൊഴിലും പരീക്ഷിച്ചു; ഒന്നും വിജയിച്ചില്ല. 1937- ലാണ് മന്മഥന്റെ ഭാഗ്യനക്ഷത്രം ഉദിച്ചത്: സ്വദേശത്ത് ഒന്നുമില്ലായ്മയിൽ നിന്ന് എൻ.എസ്.എസിന്റെ പേരിലുള്ള ഒരു മലയാളം ഹയർ സ്കൂൾ കെട്ടിപ്പടുത്തുകൊണ്ട് തന്റെ നേതൃത്വഗുണവും ആ സ്കൂളിൽ അദ്ധ്യാപകനായിരുന്നുകൊണ്ട് തന്റെ അദ്ധ്യാപന ചാതുര്യവും അദ്ദേഹം തെളിയിച്ചു. 1942-ൽ എൻ.എസ്.എസ്. ഹെഡ്ഡാപ്പീസിൽ മാനേജരായി നിയമിതനായ അദ്ദേഹം രജിസ്ട്രാറുടെയും ജനറൽ സെക്രട്ടറിയുടെയും പദവിയിലേക്ക് ഉയർന്നു.

1952-ൽ സംഘടനാ നേതൃത്വവുമായുള്ള അഭിപ്രായ വ്യത്യാസം മൂലം ജനറൽ സെക്രട്ടറിസ്ഥാനം രാജിവെക്കുവാൻ അദ്ദേഹം നിർബന്ധിതനായി.

ഏറെത്താമസിയാതെ കഥാനായകൻ പന്തളം എൻ.എസ്.എസ്. കോളേജിൽ മലയാളം അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. ഒരു വർഷത്തിനുശേഷം ജയപ്രകാശ് നാരായണന്റെ നിർദ്ദേശപ്രകാരം അവധിയെടുത്ത് കേരളത്തിലെ ഭൂദാനപ്രവർത്തനങ്ങളിൽ മുഴുകി. രണ്ടുവർഷം കഴിഞ്ഞ് അദ്ദേഹം തിരിച്ചുവന്ന് മഹാത്മാഗാന്ധി കോളേജിൽ മലയാളം അദ്ധ്യാപകനായി. ഈ തസ്തികയിൽ മൂന്നുവർഷം പ്രവർത്തിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് അവിടുത്തെ പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുക്കേണ്ടി വന്നു. ഏതാനും വർഷങ്ങൾക്കു ശേഷം മാനേജ്മെന്റിന്റെ അപ്രീതി മൂലം പെരുന്ന എൻ.എസ്.എസ്. കോളേജിലേക്ക് പ്രിൻസിപ്പലായിമാറ്റി. പക്ഷേ, കേരള സർവ്വകലാശാല വൈസ്ചാൻസലർ ഇടപെട്ട് വീണ്ടും മഹാത്മാഗാന്ധി കോളേജിലേക്കു വരുത്തി. അവിടെ പ്രിൻസിപ്പൽ ആയിരിക്കു

മ്പോൾ സർവ്വകലാശാലയുടെ തത്വരഹിതമായ ഇടപെടലിൽ പ്രതിഷേധിച്ച് 1970-ൽ ഉദ്യോഗം രാജിവച്ചു. പിന്നെ സർവോദയ മണ്ഡലം പ്രസിഡണ്ട് എന്ന നിലയിലും മറ്റും മുഴുവൻ സമയവും ഗാന്ധിമാർഗ പ്രവർത്തനത്തിൽ ഏർപ്പെട്ടു. അഴിമതിക്കും ദുർഭരണത്തിനും എതിരായി ജയപ്രകാശ് നാരായണൻ ആരംഭിച്ച പ്രസ്ഥാനത്തിലേക്ക് അവിടെ നിന്നു സ്വാഭാവികമായി നീങ്ങി. ജെ.പി. പ്രസ്ഥാനത്തെ ചെറുക്കുവാൻ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അതിനെതിരായുള്ള പ്രതിരോധത്തിന്റെ സംസ്ഥാന നേതൃത്വം അദ്ദേഹം ഏറ്റെടുത്തു. അങ്ങനെ പലമാസം ഒളിവിലും പലമാസം ജയിലിലും കഴിച്ചുകൂട്ടി. 1978-ൽ ലക്ഷ്മി എൻ. മേനോന്റെ നേതൃത്വത്തിൽ കേരള മദ്യനിരോധന സമിതി രൂപവൽക്കരിച്ചപ്പോൾ അദ്ദേഹം അതിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതനാവുകയും ഏറെത്താമസിയാതെ സംഘടനയുടെ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. അന്നുമുതൽ അന്ത്യനിമിഷം വരെ കേരളത്തെ മദ്യവിപത്തിൽ നിന്ന് മോചിപ്പിക്കുക എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി ഏകാഗ്രമായി സദാസമയവും യത്നിച്ചു കൊണ്ട് അദ്ദേഹം ആ സ്ഥാനത്തു തുടർന്നു. ഇതാണ് എം.പി. മന്മഥന്റെ ജീവിതത്തിന്റെ രൂപരേഖ. ഇതിൽ എന്തിരിക്കുന്നു? എന്നു ചോദിച്ചാൽ വരികൾക്കിടയിലും വരികൾക്കു പിന്നിലും നോക്കണം എന്നാണ് മറുപടി.

## കേരളത്തിന്റെ മനഃസാക്ഷി

ദരിദ്രനായി ജനിച്ച മന്മഥൻ ദാരിദ്ര്യത്തിന്റെ നിഴലിൽ തന്നെ വളർന്ന്, ജീവിച്ചു, മരിച്ചു. പട്ടിണി കിടന്നു എന്ന് ഞാൻ അർത്ഥമാക്കുന്നില്ല; പക്ഷേ, സാമ്പത്തിക ക്ലേശം എന്നും അദ്ദേഹത്തെ അലട്ടിയിരുന്നു. വൻപിച്ച തുകകൾ പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത ആളായിരുന്നു അദ്ദേഹം. എന്നാൽ അതൊക്കെ പൊതുക്കാര്യങ്ങൾക്കുവേണ്ടിയായിരുന്നു. അതിലൊന്നും അദ്ദേഹം കൈയിട്ടു വാരിയില്ല. ആർജ്ജനവും ആധിപത്യവുമല്ല, സ്നേഹവും സേവനവും ആണ് പുണ്യവും അദ്ദേഹത്തിന് ജന്മസിദ്ധമായിരുന്നു. കർമ്മനൈപുണ്യത്തെ ധർമബോധത്തിന്റെയും കലാബോധത്തിന്റെയും വളർച്ചയ്ക്കും പ്രസരണത്തിനും ആയിട്ടാണ് അദ്ദേഹം ഉപയോഗിച്ചത്. കലാബോധത്തെതന്നെ ധർമ്മബോധത്തിന്റെ ഉപകരണമായിട്ടാണ് അദ്ദേഹം കണ്ടത്.

സമകാലിക കേരളത്തിന്റെ മനസ്സാക്ഷി എന്നു വിശേഷിപ്പിക്കാനാവുന്ന ആരെങ്കിലും നമ്മുടെ ഇടയിൽ ഉണ്ടെങ്കിൽ അങ്ങനെയുള്ള ചുരുക്കം ചില വിശിഷ്ട വ്യക്തികളിൽ ഒരാൾ എന്നാണ് എം.പി. മന്മഥന്റെ ആത്മകഥാപരമായ 'സ്മൃതിദർപ്പണം' എന്ന കൃതിയുടെ അവതാരികയിൽ ഞാൻ അദ്ദേഹത്തെ വിലയിരുത്തിയിട്ടുള്ളത്. മോഹൻദാസ് കരംചന്ദ്ഗാന്ധി ആയിരുന്നു അദ്ദേഹത്തിന്റെ ഗുരു. 1934-ൽ ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ പഠിക്കുന്ന കാലത്ത് ഗാന്ധിജിയെ ആദ്യമായി കണ്ടതും ആ സംഭവം ഒരു യഥാർത്ഥ ദർശനമായിത്തീർന്നതും അദ്ദേഹം ഹൃദയാവർജകമായി വിവരിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ കീഴിൽ നേരിട്ടു പ്രവർത്തിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിന് ഉണ്ടായില്ല. എന്നാൽ ഗാന്ധിജിയുടെ പ്രമുഖ പിൻഗാമികളായ വിനോബാ ഭാവേ, ജയപ്രകാശ് നാരായണൻ എന്നീ നേതാക്കളുമായി പ്രവർത്തിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. കേരളത്തിലെ ഭൂദാന പ്രസ്ഥാനത്തിന് കെ.കേളപ്പനോടും ഇ. ഇക്കണ്ടവാര്യരോടും എ.വി. ശ്രീകണ്ഠപ്പൊതുവാൾ മുതലായവരോടും ചേർന്ന് അദ്ദേഹം ഊർജസ്വലമായ നേതൃത്വം നൽകി. മന്മഥന്റെ പ്രചണ്ഡമായ പ്രചാരണമായിരുന്നു ഭൂദാന പ്രസ്ഥാനത്തിന്റെ ഏറ്റവും ആകർഷകമായ ഘടകം. പിൽക്കാലത്ത് അടിയന്തരാവസ്ഥയുടെ കാളരാത്രിയിൽ ജെ.പി.യിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഏകാധിപത്യത്തിനെതിരായി രാജ്യത്തെമ്പാടും നടന്ന ധീരമായ ജനകീയ പ്രതിരോധത്തിലും അദ്ദേഹം നിർണായകമായ പങ്കുവഹിച്ചു. കേരളത്തിൽ ഈ ജനകീയ പ്രതിരോധത്തിന്റെ സർവോച്ച നേതൃത്വം അദ്ദേഹത്തിലാണ് അർപ്പിതമായത്; അദ്ദേഹത്തിന്റെ സാഹസബോധമാണ് അതിന് ബഹുജനദൃഷ്ടിയിൽ അന്തസ്സും ആദരണീയതയും നേടിക്കൊടുത്തത്.

സ്വന്തം ജീവിതത്തിന്റെ അവസാനത്തെ പതിനഞ്ചു വർഷം ഗാന്ധിജിയുടെ സൃഷ്ടിപര പരിപാടികളിൽ പ്രമുഖമായ മദ്യനിരോധനത്തിനാണ് അദ്ദേഹം ഉഴിഞ്ഞുവെച്ചത്. നമ്മുടെ സംസ്ഥാനത്തിൽ മന്മഥൻ മദ്യനിരോധനത്തിന്റെ പര്യായമായിത്തീർന്നു. മദ്യനിരോധനസത്യാഗ്രഹത്തിൽപെട്ട് അദ്ദേഹം പലപ്രാവശ്യം ജയിലിൽ പോവുകവരെ ഉണ്ടായി. മദ്യനിരോധനം ഫലപ്രാപ്തിയുടെ വഴിക്കു വളരെയൊന്നും നീങ്ങിയിട്ടില്ലെങ്കിലും ഈ സന്ദേശം കേരളത്തിന്റെ മുക്കിലും മൂലയിലും എത്തിക്കാനും മനുഷ്യരാശിയുടെ മഹാശത്രുക്കളിൽ ഒന്നായ മദ്യത്തിനെതിരെ സമൂഹ മനഃസാക്ഷിയെ ഒരളവു വരെ ഉണർത്താനും കേരള മദ്യനിരോധന സമിതിക്കു കഴിഞ്ഞിട്ടുണ്ട്. കേരള മദ്യനിരോധന സമിതി എന്നാൽ മുക്കാൽ പങ്കും എം. പി. മന്മഥനായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തി വിലാസമായിരുന്നു അതിന്റെ ഏറ്റവും വലിയ ആസ്തി. എന്നാൽ അദ്ദേഹത്തിൽ നിന്ന് പ്രേരണ ഉൾക്കൊണ്ട നൂറുകണക്കിന് ചെറുപ്പക്കാർ പ്രസ്ഥാനത്തെ തളരാതെ മുന്നോട്ടു നയിക്കുവാൻ രംഗത്തുണ്ട്. പത്തുപേരുടെ കള്ളുകുടി നിർത്തുക എന്ന തുച്ഛമായ ആശയത്തിൽ ഒതുങ്ങുന്ന ഒന്നല്ല മദ്യനിരോധന പ്രസ്ഥാനം. അതു സാമ്പത്തികമായ ചൂഷണത്തിനും രാഷ്ട്രീയ രംഗത്തെ അഴിമതിക്കും സമൂഹത്തിലെ ധർമ്മക്ഷയത്തിനും സാംസ്കാരികമായ അധഃപതനത്തിനും എതിരായുള്ള ഒരു വിപ്ലവ പ്രസ്ഥാനം തന്നെയാണ്. ഇങ്ങനെയൊരു അടിസ്ഥാനവിപ്ലവ പ്രസ്ഥാനത്തിന് ബീജവാപം ചെയ്ത മന്മഥൻ കേരള ജനതയുടെ കൃതജ്ഞത അർഹിക്കുന്നു.

## ഗാന്ധിജിയുടെ മാർഗത്തിൽ

ആദ്യകാലത്ത് 1942– മുതൽ പത്തു വർഷക്കാലം നായർ സർവ്വീസ് സൊസൈറ്റിയിൽ മന്മഥൻ ചെയ്ത സേവനം ഗാന്ധിമാർഗ്ഗത്തോടുള്ള പ്രതിജ്ഞാബദ്ധതയ്ക്ക് ഒരു അപവാദം ആയിരുന്നില്ല. ഇതര സമുദായ വിദ്വേഷം കൂടാതെയുള്ള സാമൂഹ്യ സേവനമാണ് അദ്ദേഹം നായർ സർവ്വീസ് സൊസൈറ്റിയിൽ കൂടി ചെയ്തത്. ആദർശപരമായി പൊരുത്തപ്പെടാൻ കഴിയാതെ വന്ന സന്ദർഭത്തിൽ അദ്ദേഹം അതിൽ നിന്നും രാജിവയ്ക്കുകയും ചെയ്തു. ഗാന്ധിജിയുടെ ഗുരുവായ ഗോപാലകൃഷ്ണഗോഖലെയുടെ ഭാരതസേവകസംഘം എന്ന പ്രസ്ഥാനത്തിന്റെ ചുവടുപിടിച്ചാണല്ലോ എൻ.എസ്. എസ്. ആരംഭിച്ചത്. അതിന്റെ ആദ്യത്തെ പേര് നായർ ഭൃത്യജന സംഘം എന്നായിരുന്നു. ആ ആദിമലക്ഷ്യത്തിനു യോജിച്ച സാമൂഹ്യസേവനം ചെയ്യുന്നതിനുള്ള ഒരു ഉപകരണമാക്കി സംഘടനയെ മാറ്റുവാനാണ് വി. ഗംഗാധരൻ മുതലായവരോടൊപ്പം അദ്ദേഹം പരിശ്രമിച്ചത്. ഇതിനായി 'ഗ്രാമരാജ്' എന്നൊരു മുഖപത്രം തന്നെ ഇവർ ആരംഭിച്ചു; അതിൽ കൂടി ഗാന്ധിജിയുടെ സൃഷ്ടിപരിപാടിക്ക് പ്രചാരണം നൽകാനും യത്നിച്ചു. ഇതിൽ വിജയിച്ചില്ല എന്നതു മറ്റൊരു കാര്യം. എന്നാൽ . മറ്റൊരു സംഗതിയിൽ ഇവർ താല്ക്കാലികമായിട്ടെങ്കിലും വിജയിച്ചു. തിരുവിതാംകൂറിലെ ഉത്തരവാദ ഭരണപ്രക്ഷോഭണത്തിൽ നിന്ന് വിട്ടുനിന്ന എൻ.എസ്.എസ്സിനെ അതുമായി ബന്ധിപ്പിക്കുവാനും അങ്ങനെ ദേശീയ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലേയ്ക്കു കൊണ്ടു വരുവാനും ഇതിന്റെ മുന്നോടിയായി ജാതി രാഷ്ട്രീയത്തിൽ നിന്ന് മോചിപ്പിക്കുവാനും ഇവർ ചെയ്ത സഫലമായ യത്നമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

പില്ക്കാലത്ത് കോളേജ് അദ്ധ്യാപകനായും പ്രിൻസിപ്പലായും പ്രവർത്തിച്ച നാളുകളിലും ഗാന്ധിമാർഗത്തിന്റെ പ്രചാരണത്തിനും സൃഷ്ടിപരമായ പ്രയോഗത്തിനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് മഹാത്മാഗാന്ധി കോളേജുകാർ തിരുവനന്തപുരം നഗരത്തിൽ ഗാന്ധിജയന്തി വാരത്തിൽ നടത്തിയിരുന്ന ശുചീകരണം ഒരു കാഴ്ച തന്നെയായിരുന്നു. കേരള സർവോദയ മണ്ഡലം പ്രസിഡന്റ് എന്ന നിലയിൽ പ്രസ്ഥാനത്തിന് ഒരു നവജീവൻ നൽകാൻ അദ്ദേഹം ശ്രമിച്ചു. തിരുനാവായ സർവോദയ മേളയുടെ വിജയത്തിന് ആണ്ടോടാണ്ട് അദ്ദേഹത്തിന്റെ സാന്നിധ്യവും ശാന്തിയാത്രാനേതൃത്വവും നല്കിയ സംഭാവന പല പ്രവർത്തകരും ഓർക്കുന്നുണ്ടാവും. സർവസമുദായ മൈത്രിക്കും മതസൗഹാർദ്ദത്തിനും വേണ്ടി അദ്ദേഹം എക്കാലത്തും മുൻകൈ എടുത്തിരുന്നു. ഇക്കൂട്ടത്തിൽ ഏറ്റവും സ്മരണീയമായത് ഭയങ്കരമായ ഒരു ഹിന്ദു-ക്രിസ്ത്യൻ സംഘട്ടനത്തിന്റെ വക്കിൽ എത്തിനിന്ന നിലയ്ക്കൽ പ്രശ്നത്തിന്റെ സമാധാനപരമായ പരിഹാരമാണ്.

## തത്വദീക്ഷയും ത്യാഗവും

തത്ത്വങ്ങൾക്കുവേണ്ടി ത്യാഗം സഹിക്കാൻ അദ്ദേഹം എന്നും തയ്യാറായിരുന്നു. 1952 -ൽ അദ്ദേഹം നായർ സർവീസ് സൊസൈറ്റിയുടെ ജനറൽ സെക്രട്ടറി സ്ഥാനം രാജിവെച്ച കാര്യം നേരത്തെ പരാമർശിച്ചിട്ടുണ്ടല്ലോ. സൊസൈറ്റി വീണ്ടും ജാതി രാഷ്ട്രീയത്തിലേയ്ക്കു തിരിച്ചു പോകാൻ എടുത്ത തീരുമാനത്തോടുള്ള വിയോജിപ്പു കൊണ്ടാണ് അദ്ദേഹം രാജിവെച്ചത്. ഗുരുതുല്യനും അതികായനും ആയിരുന്ന മന്നത്തു പദ്മനാഭന്റെ അഭിപ്രായത്തെ വിഗണിച്ചു കൊണ്ടാണ് അദ്ദേഹം രാജിവച്ചത്. 'നാളത്തെ അഷ്ടിക്കു വകയെന്ത്?' എന്ന ചോദ്യത്തിനു മറുപടി കാണാതെ, കടം മാത്രം മിച്ചമുള്ള അവസ്ഥയിൽ ഉദ്യോഗം രാജിവച്ച മന്മഥൻ ബ്രഹ്മചാരിയായിരുന്നില്ല, ഗൃഹസ്ഥനായിരുന്നു. 18-മത്തെ വയസ്സിലാണ് അദ്ദേഹം തൃക്കളത്തൂർ കീഴേത്തുവീട്ടിൽ താമസിച്ചിരുന്ന തങ്കമ്മയെ വിവാഹം ചെയ്തത്. ഭാര്യയും ബാല്യം കടന്നിട്ടില്ലാത്ത അഞ്ചു കുട്ടികളും അടങ്ങുന്നതായിരുന്നു 1952-ൽ അദ്ദേഹത്തിന്റെ കുടുംബം. അദ്ദേഹം അതിന്റെ ഏകാവലംബം ആയിരുന്നു.

## തത്വദീക്ഷയും ത്യാഗവും

മഹാത്മാഗാന്ധി കോളേജ് പ്രിൻസിപ്പലായിരിക്കുമ്പോൾ മറ്റൊരു സംഭവം ഉണ്ടായി. പുതിയതായി തുടങ്ങിയ എം.എസ്.സി. ക്ലാസ്സിൽ വിദ്യാർത്ഥികളെ ചേർക്കുന്നതു സംബന്ധിച്ച് മാനേജുമെന്റ് നല്കിയ നിർദ്ദേശങ്ങൾ തത്വരഹിതമാണെന്നു തോന്നുകയാൽ അദ്ദേഹം അവയ്ക്കു വഴങ്ങിയില്ല. അതിനാൽ അനുസരണക്കേടിനു ശിക്ഷയായി അദ്ദേഹത്തെ ചങ്ങനാശ്ശേരി പെരുന്ന എൻ.എസ്.എസ്. കോളേജിലെ പ്രിൻസിപ്പലായി സ്ഥലം മാറ്റി. ഭാര്യ വലിയ പ്രമേഹരോഗിയാകയാൽ അവരുടെ ചികിത്സാസൗകര്യം പരിഗണിച്ച് പെരുന്നയ്ക്കു പോയത് കഥാപുരുഷൻ തനിച്ചാണ്. അദ്ദേഹം പെരുന്നയിൽ കഴിയുമ്പോഴാണ് രോഗം മൂർച്ഛിച്ചു തിരുവനന്തപുരത്തുവെച്ച് ഭാര്യ മരിക്കുന്നത്.

ആളുകൾ ഇന്നും കൂടുതൽ ഓർക്കുന്നത് 1970-ൽ മഹാത്മാഗാന്ധി കോളേജ് പ്രിൻസിപ്പൽ സ്ഥാനത്തുനിന്ന് അദ്ദേഹം രാജിവെച്ചകാര്യമാണ്. നിയമാനുസൃതമായ ഹാജർ ഇല്ലാത്ത ചില കുട്ടികളെ പരീക്ഷയ്ക്ക് അയയ്ക്കാതിരുന്ന പ്രിൻസിപ്പലിന്റെ നടപടിയെ മറികടന്ന് സർവകലാശാലാധികൃതർ അവരെ പരീക്ഷയ്ക്ക് ഇരിക്കാൻ അനുവദിച്ചതാണ് കാരണം. സർവകലാശാലയുടെ നടപടി കക്ഷിരാഷ്ട്രീയപ്രേരിതമായിരുന്നു. പ്രിൻസിപ്പൽ ചെയ്തത് ശരിയാണെന്ന് ബോധ്യമുണ്ടായിട്ടും കോളേജിലെ ഭൂരിപക്ഷം അദ്ധ്യാപകരും അദ്ദേഹത്തോടൊപ്പം നില്ക്കാൻ വിസമ്മതിച്ചു. കാരണം അവരും കക്ഷിരാഷ്ട്രീയത്തിൽ അധിഷ്ഠിതമായ സംഘടനാ താത്പര്യത്തിനാണ് മുൻതൂക്കം കൊടുത്തത്. പണമോ പദവിയോ ഭാവിയോ സുഖസൗകര്യങ്ങളോ മറ്റു സ്ഥാപിത താല്പര്യങ്ങളോ പരിഗണിക്കാതെ തത്വങ്ങളെ മുറുകെ പിടിക്കുവാനേ മന്മഥൻ പഠിച്ചിരുന്നുള്ളൂ. ഈ ആദർശബോധം പതറാതെ ഉയർത്തിപ്പിടിക്കുവാൻ കഴിവുള്ള എത്ര പേർ ഇന്ന് പൊതുരംഗത്ത് അവശേഷിക്കുന്നുണ്ട്?

### സംഘടനാസാമർത്ഥ്യം

മന്മഥൻ മികച്ച ഒരു സംഘാടകനായിരുന്നു. അദ്ദേഹത്തിന്റെ സ്വദേശമായ മൂവാറ്റുപുഴയിൽ ഒരു മലയാളം ഹയർ സ്കൂൾ സ്ഥാപിക്കുന്ന കാര്യത്തിൽ എൻ.എസ്.എസ്. നേതൃത്വം സർക്കാരിന്റെ അനുവാദം വാങ്ങിക്കൊടുക്കുക മാത്രമാണ് ചെയ്തത്. ഇരുപത്തിമൂന്ന് വയസ്സുമാത്രം പ്രായമുള്ള ദരിദ്രനും തൊഴിൽ രഹിതനും ആയ ഒരു ബിരുദധാരി ഞൊടിയിടയിലെന്നവണ്ണം ആളും അർത്ഥവും ശേഖരിച്ച് സ്കൂളിന് ഒരു സ്ഥലവും താല്ക്കാലിക കെട്ടിടവും ഉണ്ടാക്കുമെന്ന് ആരും വിചാരിച്ചില്ല. ഏറെത്താമസിയാതെ ആ യുവാവ് അവിടെ പഠിപ്പിച്ചുകൊണ്ട് സ്കൂളിന് ഒരു കെട്ടിടം കൂടി നിർമ്മിച്ചപ്പോൾ സംഘടനാപ്രവർത്തകരിൽ ഒരു മാന്ത്രികനായ മന്നത്തിന്നെത്തന്നെ അത് അത്ഭുതപ്പെടുത്തി. അങ്ങനെ മന്മഥൻ ചങ്ങനാശ്ശേരിയിലേക്കു വിളിക്കപ്പെട്ടു. നായർ സർവീസ് സൊസൈറ്റിക്കു കെട്ടുറപ്പുണ്ടാക്കുന്നതിൽ അദ്ദേഹം മന്നത്തിനെ കുറച്ചൊന്നുമല്ല സഹായിച്ചത്. അദ്ദേഹത്തിന്റെ സംഘടനാപ്രവർത്തന വൈദഗ്ദ്ധ്യത്തിന്റെ മകുടോദാഹരണം എൻ.എസ്.എസ്. കോളേജുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ പണം 'ഉല്പന്നപ്പിരിവ്' എന്ന പദ്ധതിയിലൂടെ സമുദായാംഗങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്നതിൽ അദ്ദേഹം നേടിയ വമ്പിച്ച വിജയമാണ്. "നമ്മുടെ കോളേജുകളുടെ പണിക്ക് മന്മഥനും കുറേ ചായയും മുറുക്കാനും ഡ്രൈവർ നാരായണനും ഉണ്ടെങ്കിൽ പണത്തിന് ഒരു പ്രയാസവും വരികയില്ല. എത്ര പണം വേണമെങ്കിലും ഉണ്ടാകും." എന്നാണ് കോളേജ് കമ്മറ്റി സെക്രട്ടറി കളത്തിൽ വേലായുധൻ നായർ ഇതേക്കുറിച്ച് പ്രഖ്യാപിച്ചത്. കേരള മദ്യനിരോധന സമിതിയെ സംസ്ഥാന വ്യാപകമായ ഒരു ശ്രദ്ധേയ സംഘടനയായി കെട്ടിപ്പടുത്ത് മുഖ്യമായും മന്മഥൻ തന്നെയാണ്.